ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം – സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനകാര്യം (ഡി) - ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാർക്ക് ₹. 23700-52600/- ശമ്പള നിരക്കിലുള്ള നോൺ ടെക്നിക്കൽ അറ്റൻറർ തസ്തികയിൽ തസ്തികമാറ്റം - അനുവദിച്ച് - ഉത്തരവ് – പുറപ്പെടുവിക്കുന്നു

---

**ജീവനക്കാര്യം (ഡി) വിഭാഗം**

**നം. ED2/43521/16/DTE** **തിരുവനന്തപുരം,**

**തീയതി : 19-11-2024**

---

വായന :-

1. **14.09.1973** തീയതിയിലെ സ.ഉ (പി) നം. **249/73/**പി.ഡി. നമ്പർ സർക്കാർ ഉത്തരവ്.
2. **10.02.2021** തീയതിയിലെ സ.ഉ (പി) നം.**27/2021**/ധന നമ്പർ സർക്കാർ ഉത്തരവ്.
3. **15.01.1993** തീയതിയിലെ സ.ഉ (പി) നം. **9/93/**പി&എആർഡി നമ്പർ സർക്കാർ ഉത്തരവ്.
4. **10.03.1983** തീയതിയിലെ**130558/SDI/82/GAD** നമ്പർ സർക്കാർ സർക്കുലർ.
5. **17.09.2012** തീയതിയിലെ ഈ കാര്യാലയത്തിലെ ഇ. ജി.**3/27706/2010** നമ്പർ അന്തിമ സീനിയോറിറ്റി ലിസ്റ്റ്
6. **25.10.2024, 06.11.2024** തീയതികളിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ.
7. **30.11.2023** തീയതിയിലെ സ.ഉ (പി) നം.**17/2023/**പി&എആർഡി നമ്പർ സർക്കാർ ഉത്തരവ്.
8. നോൺ ടെക്നിക്കൽ അറ്റൻറർ തസ്തികയിലെ തസ്തികമാറ്റ നിയമനത്തിന് സമ്മതപത്രം സമർപ്പിച്ചുകൊണ്ടുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാരുടെ അപേക്ഷകൾ.

**<u>ഉത്തരവ്</u>**

നോൺ - ടെക്നിക്കൽ അറ്റൻറർ തസ്തികയിലെ നിലവിലെ ഒഴിവുകളിലേക്ക് തസ്തികമാറ്റ നിയമനത്തിനായി മേൽ വായന (6) സർക്കുലർ പ്രകാരം താൽപര്യപത്രം സമർപ്പിച്ച ലാസ്റ്റ്

ഗ്രേഡ് തസ്തികയിലെ ജീവനക്കാരുടെ മേൽ വായന (8) ലെ അപേക്ഷകൾ കണക്കിലെടുത്ത് കൊണ്ടും, മേൽ വായന (5) സീനിയോറിറ്റി പട്ടികയുടെ അടിസ്ഥാനത്തിലും, മേൽ വായന സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ടി ജീവനക്കാർക്ക് ₹ 23700 - 52600 വേതന നിരക്കിലുള്ള നോൺ - ടെക്നിക്കൽ അറ്റൻറർ തസ്തികയിൽ കെ. എസ് & എസ്.എസ്.ആർ. ചട്ടം 28 (b) (ii) പ്രകാരം തസ്തിക മാറ്റം വഴി നിയമനം ചുവടെ ചേർക്കും വിധം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | മേൽ വായന സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, സ്ഥാപനം, പെൻ നമ്പർ | തസ്തികമാറ്റം അനുവദിക്കുന്ന തസ്തികയും, സ്ഥാപനവും |
|---|---|---|---|
| 1. | 393 | ശ്രീ വിജയകുമാരൻ ജി. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം പെൻ : 418675 | നോൺ - ടെക്നിക്കൽ അറ്റൻറർ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം |
| 2. | 407 | ശ്രീ ജയകുമാർ വി. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം പെൻ : 419911 | നോൺ -ടെക്നിക്കൽ അറ്റൻറർ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം |

നോൺ - ടെക്നിക്കൽ അറ്റൻഡർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ പരിശോധിച്ചതിന് ശേഷം മാത്രം ടി ജീവനക്കാരെ ടി തസ്തികയിൽ സ്ഥാപന മേധാവികൾ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്.

പതിനഞ്ച് വർഷ സമയ ബന്ധിത ഹയർ ഗ്രേഡ് വാങ്ങിയ ശേക്ഷം നോൺ ടെക്നിക്കൽ അറ്റൻറർ തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം ലഭിക്കുന്ന ജീവനക്കാരുടെ ശമ്പള നിർണ്ണയം ഭാഗം I കെഎസ്ആർ ചട്ടം 37 (ബി) പ്രകാരമായിരിക്കും. അഡ്വാൻസ് ഇൻക്രിമെൻറിനും അർഹത ഉണ്ടായിരിക്കുന്നതല്ല. ടി പ്രകാരമുള്ള തസ്തികമാറ്റ ഉത്തരവ് തീയതിക്ക് ശേഷം, ടി തസ്തികമാറ്റ നിയമനം പരിത്യജിക്കുന്നതിനുള്ള അവകാശം ടി ജീവനക്കാർക്ക് വായന (7) പ്രകാരം ഉണ്ടായിരിക്കുന്നതല്ല.

**മേൽ വായന (5) പരിപത്രം പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് ഈ ഉത്തരവോട് കൂടി പൂർണ്ണമായും റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.**

**Sunilkumar C V**

**SENIOR ADMINISTRATIVE OFFICER**

സ്വീകർത്താവ്,

1. ബന്ധപ്പെട്ട ജീവനക്കാർക്കും സ്ഥാപനമേധാവികൾക്കും (ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം).
2. സൂപ്രണ്ട്, ഇ. ജി. സെക്ഷൻ, ഡി ടി ഇ
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Sunilkumar C V
Date: 19-11-2024 13:45:07